Kerala State Industrial Development Corporation Limited
Keston Road, Kowdiar, Thiruvananthapuram 695 003, Kerala, India
Tel : +91-471-2318922 | Fax : +91-471-2315893
Email : enquiry@ksidcmail.org | www.ksidc.org
CIN : U45309KL1961SGC001937

**പത്രക്കുറിപ്പ്** **29.07.2024**

## സംരംഭകരുടെ പ്രശ്നപരിഹാരത്തിന്റെ തുടക്കമാണ് തുടർനിക്ഷേപക സംഗമം- മുഹമ്മദ് ഹനീഷ്

**കൊച്ചി:** സംസ്ഥാനത്തെ നിക്ഷേപകരുടെയും സംരംഭകരുടെയും ദീർഘകാലമായുള്ള പ്രശ്നങ്ങളുടെ ശാശ്വതപരിഹാരത്തിന്റെ തുടക്കമാണ് കൊച്ചിയിൽ നടന്ന തുടർനിക്ഷേപക സംഗമമെന്ന് വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് പറഞ്ഞു. വ്യവസായ-വാണിജ്യവകുപ്പും കെഎസ്ഐഡിസിയും സംയുക്തമായി കൊച്ചിയിൽ സംഘടിപ്പിച്ച തുടർനിക്ഷേപക സംഗമത്തിന്റെ സമാപനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

വ്യവസായങ്ങൾക്കും സംരംഭങ്ങൾക്കും വളരാനാവശ്യമായി ചട്ടങ്ങളിലും നിയമങ്ങളിലും നടത്തിയ ഭേദഗതികൾ ജില്ലാ-താലൂക്ക് വ്യവസായങ്ങൾ ക്രിയാത്മകമായി ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം നിർദ്ദേശിച്ചു.

വ്യവസായങ്ങളും  സംരംഭങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ജില്ലാ-താലൂക്ക് തലത്തിൽ തന്നെ പരിഹരിക്കണം. വാണിജ്യ-വ്യവസായവകുപ്പ്, കെഎസ്ഐഡിസി എന്നിവയുടെ വ്യവസായപാർക്കുകളിലെ ഭൂമി നൽകുന്നതു സംബന്ധിച്ച് ഉദാരമാക്കിയ വ്യവസ്ഥകൾ താഴെത്തട്ടിലേക്ക് നടപ്പിൽ വരുത്തേണ്ടത് വ്യവസായവകുപ്പിലെ ജില്ലാ-താലൂക്ക് വിഭാഗങ്ങളാണെന്നും അദ്ദേഹം പറഞ്ഞു.

സംരംഭകർക്കായുള്ള വിവിധ ധനസഹായ പദ്ധതികളെക്കുറിച്ച് കെഎസ്ഐഡിസി ജനറൽ മാനേജർ ജി ഉണ്ണികൃഷ്ണൻ വിവരിച്ചു. സംസ്ഥാന വ്യവസായനയവും വിവിധ ഇൻസന്റീവുകളും സംബന്ധിച്ച വിശദാംശങ്ങൾ കെഎസ്ഐഡിസി ജനറൽ മാനേജർ വർഗീസ് മാളാക്കാരൻ സംരംഭകർക്ക് മുന്നിൽ വച്ചു. വ്യവസായ-വാണിജ്യ ഡയറക്ടറേറ്റിന്റെ വിവിധ പദ്ധതികളെക്കുറിച്ച് ഡെ. ഡയറക്ടർ ഷബീർ എം, പ്രേംരാജ് എന്നിവർ അവതരണം നടത്തി. കേന്ദ്രസർക്കാർ പദ്ധതികളെക്കുറിച്ച് എംഎസ്എംഇ മന്ത്രാലയത്തിലെ ജോയിന്റ് ഡയറക്ടർ ജി എസ് പ്രകാശ് ഐഇഡിഎസ് അവതരണം നടത്തി.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, നഗരവികസനം, മലിനീകരണ നിയന്ത്രണ ബോർഡ്, കെഎസ്ഇബി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, സർക്കാർ വകുപ്പുകളായ മൈനിംഗ് ആൻഡ് ജിയോളജി, റവന്യൂ, വനം, ഫയർ ആൻഡ് റെസ്ക്യൂ എന്നിവയുടെ പ്രതിനിധികൾ സംരംഭകരുടെ വിവിധ സംശയങ്ങൾക്ക് മറുപടി നൽകി.